# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5202** **23/05/2017-ൽ മറുപടിയ്ക്ക്**

## കർഷകർക്ക് ന്യായവിലയും ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്കും പച്ചക്കറി ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(ബഹു. കൃഷി വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പച്ചക്കറി വിപണനത്തിനും അവയുടെ ഉല്പാദന പ്രോത്സാഹനത്തിനും സംസ്കരണത്തിനും ഹോർട്ടികോർപ്പിന്റെ ഇടപെടൽ എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങൾ മൊത്തവിപണി വിലയേക്കാൾ 10% വിലകൂട്ടി ഹോർട്ടികോർപ്പ് മുഖേന കർഷകരിൽ നിന്ന് സംഭരിക്കുകയും വിപണിവിലയേക്കാൾ 30% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു-വരുന്നു. |
| ബി) | സംസ്ഥാനത്ത് പച്ചക്കറി കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് മിതമായ വിലക്ക് ഇവ ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ടോ; | | |
| സി) | മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ ചന്തകളിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് കൂടിയ വിലയ്ക്ക് വിപണനം നടത്തുന്ന രീതിയും ചിലപ്പോഴെങ്കിലും മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില ഈടാക്കുന്നതുമായ പരാതിയെകുറിച്ച് പരിശോധന നടത്തിയിരുന്നോ? | സി) | പരിശോധന നടത്തിയിരുന്നു.<br>നിലവിൽ സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ. എന്നിവിട-ങ്ങളിൽ നിന്നും കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും ന്യായവില നൽകിയാണ് ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നത്. മറ്റ് വിപണികളിൽ നിന്നും, വിതരണക്കാരിൽ നിന്നും പച്ചക്കറികൾ |

സംഭരിക്കുമ്പോൾ പരമാവധി വിലകുറച്ച് സംഭരിക്കുന്നതിനും ശ്രദ്ധിക്കാറുണ്ട്. ഹോർട്ടികോർപ്പിന്റെ വില്പന വില വിപണിയിലെ ചില്ലറ വില്പന വിലയേക്കാൾ കൂടാതിരിക്കുവാനും ഹോർട്ടികോർപ്പ് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്ന് അവശ്യംവേണ്ട പച്ചക്കറി വാങ്ങുമ്പോൾ വില നിശ്ചയിക്കുന്നത് ഹോർട്ടികോർപ്പ് ജില്ലാ മാനേജർ, അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) വി.എഫ്.പി.സി.കെ.യുടെ പ്രതിനിധി എന്നവർ ചേർന്ന കമ്മിറ്റിയാണ്. പച്ചക്കറി വില ദിവസേന മാറിക്കൊണ്ടിരിക്കുന്നതിനാൽ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. കേരളത്തിൽ വർഷത്തിലുടനീളം ലഭ്യമായ ഇനങ്ങളായ ഏത്തൻ, വെള്ളരി, പടവലം, ഇഞ്ചി, ചീര, മരച്ചീനി, തേങ്ങ, കപ്പ, കൈതച്ചക്ക, സലാഡ് വെള്ളരി തുടങ്ങിയ ഇനങ്ങൾ, കേരളത്തിൽ ഭാഗികമായി ലഭ്യമായ ഇനങ്ങളായ മത്തൻ, വെണ്ട, വഴുതന, പയർ, പാവയ്ക്ക, കാരറ്റ്, കാബേജ്, ഉരുളകിഴങ്ങ്, വലിയ മുളക്, തക്കാളി, ബീൻസ്, ക്വാളിഫ്ലവർ, ചേന, ചേമ്പ് എന്നിവയും ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ മാത്രമാണ് ഹോർട്ടികോർപ്പ് അന്യ സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നത്.

സെക്ഷൻ ഓഫീസർ